(എച്ച്) പ്രസ്തുത ഒഴിവുകൾ ഏതെങ്കിലും പ്രൊമോഷൻവഴി നികത്തിയിട്ടുണ്ടോ;

(ഐ) ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശരിയല്ല. 228 പേരെയാണ് ആകെ അഡ്വൈസ് ചെയ്തിരുന്നത്. 228 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) നേരിട്ട് നിയമനം ലഭിച്ച 201 പേർ ഇപ്പോൾ സെക്രട്ടറിമാരായുണ്ട്. എന്നാൽ നേരിട്ട് നിയമനത്തിനായി നീക്കിവച്ചിട്ടുള്ള 218 തസ്തികകളിൽ 24 തസ്തികകളിൽ പി. എസ്. സി. ലിസ്റ്റ് നിലവിൽവന്ന 13-2-2003-ൽ നേരിട്ട് നിയമനം ലഭിച്ചവർ ഉണ്ടായിരുന്നതിനാൽ 193 പേർക്കാണ് ആദ്യം നിയമനം നൽകിയത്. അതിൽ 28 പേർ ജോയിൻ ചെയ്യുകയുണ്ടായില്ല. 16 പേർ സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പി. എസ്. സി. അഡ്വൈസ് ചെയ്ത ലിസ്റ്റിൽ ബാക്കിയുള്ള 35 പേർക്കുകൂടി നിയമന ഉത്തരവ് നൽകുകയുണ്ടായി.

പുതിയ പി. എസ്. സി. ലിസ്റ്റ് നിലവിൽവന്ന അവസരത്തിൽ സർവ്വീസിലുണ്ടായിരുന്ന 24 പേരിൽ 7 പേർ സർവ്വീസിൽ നിന്നും വിരമിച്ചതിനുശേഷം ബാക്കിയുള്ള 17 പേരും ഇപ്പോഴത്തെ പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരിൽ 184 പേരും ഉൾപ്പെടെ 201 സെക്രട്ടറിമാർ നേരിട്ട് നിയമനം ലഭിച്ചവരായി സർവ്വീസിൽ ഉണ്ട്.

(സി) 28 എണ്ണം.

(ഡി) 26 എണ്ണം.

(ഇ) 16 പേരെ ജോലിയിൽ പ്രവേശിച്ചശേഷം റീലീവ് ചെയ്തിട്ടുണ്ട്.

(എഫ്) 3 പേരെ നിയമിച്ചിട്ടുണ്ട്.

(ജി) ഒഴിവുകൾ ഇപ്പോഴും നിലവിലുണ്ട്. ഭൂരിഭാഗം ഒഴിവുകളും 2005 ജനുവരിമാസം മുതലാണ് ഉണ്ടായത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ റിപ്പോർട്ട് ചെയ്യുന്നത് അനുസരിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(എച്ച്) ഇല്ല.

(ഐ) ആകെ 37 ഒഴിവുകൾ നിലവിലുണ്ട്.

പി. എഫ്. ക്രെഡിറ്റ് കാർഡ് യഥാസമയം ലഭ്യമാക്കാൻ നടപടി

80 [3131] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പിൽ പി. എഫ്. ക്രെഡിറ്റ് കാർഡ് യഥാസമയം ലഭിക്കാത്തതുമൂലം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. എഫ്.-ൽ നിന്ന് താൽക്കാലിക വായ്പ എടുക്കുന്നതിന് ഒരു മാസത്തിലധികവും, എൻ. ആർ. എ. എടുക്കുന്നതിന് ആറുമാസത്തിലധികവും സമയം വേണ്ടിവരുന്ന ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതുവർഷം വരെയുള്ള ക്രെഡിറ്റ് കാർഡാണ് ജീവനക്കാർക്ക് നൽകിയിട്ടുള്ളത്;

(ഡി) ക്രെഡിറ്റ് കാർഡ് കുറ്റമറ്റ രീതിയിലും കൃത്യതയോടെയും മുൻവർഷം വരെയുള്ളത് അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) പഞ്ചായത്ത് വകുപ്പിലെ പി. എഫ്. സംവിധാനത്തിന്റെ പരാതി പരിഹരിക്കുന്നതിന് നിലവിലുള്ള മുഴുവൻ ജീവനക്കാരുടെയും വകുപ്പുതല പി. എഫ്.-നു പകരം ജി. പി. എഫ്. നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താൽക്കാലിക വായ്പ അനുവദിക്കുന്നതിന് കാലതാമസമുണ്ടാകാറില്ല. എന്നാൽ എൻ. ആർ. എ. അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. കമ്പ്യൂട്ടറൈസേഷൻ നടപടി പൂർത്തിയാകുന്നതോടെ കാലതാമസം ഒഴിവാക്കാൻ കഴിയും.

(സി) 2000-2001 വരെയുള്ള ക്രെഡിറ്റ് കാർഡുകളാണ് ഇപ്പോൾ നൽകി വരുന്നത്.

(ഡി) സ്വീകരിച്ചുവരുന്നു.

(ഇ) ഇതിലേക്ക് ആവശ്യമായിവരുന്ന അധികം ജീവനക്കാരെ അനുവദിക്കുന്നതിന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സി. ഐ. ജി.) അനുവാദം നൽകുന്ന മുറയ്ക്ക് ജി. പി. എഫ്. സൗകര്യം അനുവദിക്കാവുന്നതാണ്.

നിർത്തലാക്കിയ വികസന അതോറിറ്റികളും തസ്തികകളും

81 [3132] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര വികസന അതോറിറ്റികൾ ചെയ്തുവന്നിരുന്ന ജോലികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ വികസന അതോറിറ്റികൾ നിർത്തലാക്കി;

(ബി) ഏതൊക്കെ വികസന അതോറിറ്റിയിലെ ഉദ്യോഗസ്ഥ തസ്തികകൾ വെട്ടിക്കുറച്ചു;

(സി) നിർത്തലാക്കിയ വികസന അതോറിറ്റികളിലെ സ്ഥിരം ജീവനക്കാർക്ക് എവിടെയാണ് നിയമനം നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly